(സി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിന് അനുവദിക്കപ്പെട്ട അദ്ധ്യാപകർ എത്ര ; എത്ര പേരാണ് ഇപ്പോൾ പഠിപ്പിക്കുന്നത് ; ഒഴിവുകൾ എത്ര ; ഒഴിവ് നികത്താൻ എന്ത് നടപടിയെടുത്തിട്ടുണ്ട് ; ആവശ്യത്തിലേറെ അദ്ധ്യാപകർ ഉണ്ടായിട്ടും ഒഴിവുകളിലേക്ക് നിയമനം നടത്താത്തത് എന്താണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷകൾ

73 (2982) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ പണിയുന്നതിനായി ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ഇതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സമ്മതപത്രം ലഭ്യമാക്കുന്നതിനും ഹോസ്റ്റൽ നിർമ്മാണത്തിനുള്ള അനുമതി ലഭിക്കുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചിരിക്കുകയാണ്.

(ബി) സ്വീകരിക്കുന്നതാണ്.

മങ്കൊമ്പ്-സൗൾ കെട്ടിടം തകർന്ന് വീണത് സംബന്ധിച്ച്

74 (2983) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കൊമ്പ് അവിട്ടം തിരുനാൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കെട്ടിടം തകർന്ന് വീണത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ വിദ്യാഭ്യാസ ഉപ ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി) മങ്കൊമ്പ് അവിട്ടം തിരുനാൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ കെട്ടിടം ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിരുന്നത്. ആയതിനാൽ, പുതിയ സ്കൂൾ കെട്ടിടം അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് അടക്കത്ത് ബയൽ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി

75 (2984) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അടക്കത്ത് ബയൽ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് പദ്ധതിപ്രകാരം ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ എല്ലാ അദ്ധ്യാപകർക്കും ശമ്പളം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ശമ്പളം ലഭിക്കാത്ത അദ്ധ്യാപകരുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ; ശമ്പളം എന്നത്തേക്ക് ലഭിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂളിൽ ആരാണ് ഇപ്പോൾ പ്രധാന അദ്ധ്യാപിക ; അവർക്ക് സ്ഥലമാറ്റം ഉണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് ഉത്തരവിറങ്ങിയത് ; അവരെ വിടുതൽ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ മലയാളം മീഡിയം സ്കൂളുകൾ

76 (2985) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മലയാളം മീഡിയം ഇല്ലാത്ത എത്ര എൽ.പി, യു.പി ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ ;

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly